Malappuram District Police

# 11.10.2017 കുറ്റിപ്പുറം

വേങ്ങരയിലേക്കു കടത്താൻ ശ്രമിച്ച 79.76 ലക്ഷം രൂപയുടെ കുഴൽപ്പണവുമായി രണ്ടു പേർ പിടിയിലായി. വേങ്ങര ഊരകം സ്വദേശി മണിത്തൊടി വീട്ടിൽ അബ്ദുറഹ്മാൻ (43), വേങ്ങര ഇരിങ്ങല്ലൂർ സ്വദേശി പറങ്ങോടത്തിൽ സിദ്ദീഖ് (24) എന്നിവരാണ് അറസ്റ്റിലായത്.

രാവിലെ എഴോടെ ചെന്നൈ-മംഗളൂരു മെയിലിൽ കുറ്റിപ്പുറം റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയ ഇവരെ തിരൂർ ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡാണു പിടികൂടിയത്. പുതിയ രണ്ടായിരം രൂപയുടെ 40 കെട്ടുകളാണ് ഇവരുടെ കൈവശമുണ്ടായിരുന്നത്. പണം തുണിസഞ്ചിയിൽ നിറച്ച് അരയിൽ ചുറ്റിയും കാലിലെ സോക്സിൽ ഒളിപ്പിച്ചുമാണു കടത്താൻ ശ്രമിച്ചത്. ചെന്നൈയിൽ നിന്നാണ് പണം കൊണ്ടുവരുന്നതെന്നും വേങ്ങരയിലെ ഒരാൾക്ക് കൈമാറണമെന്നാണ് നിർദേശമെന്നും പിടിയിലായവർ മൊഴി നൽകി.

ചെന്നൈയിലെ ഒരു കടയിൽനിന്നാണു പണം ഏൽപിച്ചതെന്നും പറഞ്ഞു. ഇവർ കഴിഞ്ഞയാഴ്ചയും ഒരു കോടിയോളം രൂപ ഇത്തരത്തിൽ നാട്ടിലെത്തിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.